**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5439** **05-07-2024 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി.യിൽ പുതിയ ടിക്കറ്റ് മെഷീൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. പി. സി. വിഷ്ണുനാഥ്,<br>ശ്രീ. റോജി എം. ജോൺ ,<br>ശ്രീ. ചാണ്ടി ഉമ്മൻ** | | **ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി)** | |
| (എ) | കെ.എസ്.ആർ.ടി.സി.യിൽ ഓരോ ടിക്കറ്റിനും നിശ്ചിത തുക കരാർ കമ്പനിക്ക് നൽകുന്ന വ്യവസ്ഥയിൽ പുതിയ ടിക്കറ്റ് മെഷീൻ വാങ്ങാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോയെന്നറിയിക്കാമോ; | (എ) | കെ.എസ്.ആർ.ടി.സി. (Electronic Ticketing Machine) ETM മെഷീനുകൾ മാത്രമായി വാങ്ങുവാൻ തീരുമാനിച്ചിട്ടില്ല. എന്നാൽ National Common Mobility Card (NCMC) / Closed Loop Card ഉപയോഗിക്കാൻ സാധിക്കുന്ന തരത്തിലുള്ള ഡിജിറ്റൽ ടിക്കറ്റിങ് സൊല്യൂഷൻ ഏർപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്.<br><br>നിലവിൽ ഉപയോഗിച്ച് വരുന്ന ETM മെഷീനുകൾ ഡിജിറ്റൽ ഇടപാടുകൾക്ക് അനുയോജ്യമല്ല. കൂടാതെ കേന്ദ്രീകൃത Automatic Fare Collection System (എ.എഫ്.സി.എസ്.) സംവിധാനവുമില്ല. അവ ഓരോ ഡിപ്പോയിലും പ്രാദേശികമായി ഹോസ്റ്റ് ചെയ്തിരിക്കുകയാണ്. ക്ലോസ്ഡ് ലൂപ്പ് കാർഡുകൾ മാത്രമേ സ്വീകാര്യമാകൂ. നിലവിൽ ക്ലോസ്ഡ് ലൂപ്പ് കാർഡുകളിൽ കൂടുതൽ യാത്രാ പാസുകൾ കോൺഫിഗർ ചെയ്യാൻ സാധിക്കുകയില്ല. NCMC കാർഡുകൾ നിലവിലെ ETM മെഷീനുകളിൽ ഉപയോഗിക്കാൻ സാധ്യമല്ല. പ്രസ്തുത മെഷീനുകളിൽ ഓൺലൈൻ റിസർവേഷൻ സിസ്റ്റവുമായി ബന്ധിപ്പിക്കാൻ സാധിക്കാത്തതിനാൽ ലൈവ് ടിക്കറ്റിങ് പോലുള്ള നൂതന സംവിധാനങ്ങൾ നടപ്പിലാക്കാൻ സാധിക്കുകയില്ല.<br><br>കോവിഡിനുശേഷം ഡിജിറ്റൽ ട്രാൻസാക്ഷൻ വർദ്ധിപ്പിച്ചതിനാലും കെ.എസ്.ആർ.ടി.സി. ഒരു ഡിജിറ്റൽ ടിക്കറ്റിംഗ് സൊല്യൂഷൻ ഉപയോഗിക്കാൻ തീരുമാനിക്കുകയും M/s. Chalo Mobility Pvt. Ltd. എന്ന സ്ഥാപനത്തിനെ തെരഞ്ഞെടുക്കുകയും ചെയ്തു. പ്രസ്തുത കമ്പനിക്ക് ഒരു പാസഞ്ചറിന് 13.7 പൈസ + GST ആണ് കെ.എസ്.ആർ.ടി.സി. നൽകേണ്ടുന്നത്. എല്ലാ തരം കൺസഷൻ യാത്ര |

| | | | |
|---|---|---|---|
| | | | ടിക്കറ്റുകളും ലഗേജ് ടിക്കറ്റുകളും ബില്ലിങ്ങിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. |
| (ബി) | കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുന്ന കെ.എസ്.ആർ.ടി.സി.യെ ഇത് കൂടുതൽ പ്രതിസന്ധിയിലാക്കും എന്നത് വസ്തുതയാണോ; | (ബി) | പ്രസ്തുത സംവിധാനം നടപ്പിലാക്കുന്നത് വഴി മെച്ചപ്പെട്ട ഉപഭോക്തൃ അനുഭവം ഇതിലൂടെ ലഭ്യമാക്കാൻ സാധിക്കും. ബസുകളുടെ തത്സമയ ട്രാക്കിംഗ് സംവിധാനം, ലൈവ് പാസഞ്ചർ ഇൻഡിക്കേറ്റർ, മൊബൈൽ ടിക്കറ്റുകളും പാസുകളും, UPI പേയ്മെന്റ്, കാർഡ് പേയ്മെന്റ്, നെറ്റ്ബാങ്കിംഗ് പേയ്മെന്റ്, വാലറ്റ് പേയ്മെന്റ്, ചലോപേ തുടങ്ങിയ ഡിജിറ്റൽ പേയ്മെന്റ് മോഡുകൾ, NCMC കാർഡ് / closed loop card തുടങ്ങിയ സൗകര്യങ്ങൾ മൊബൈൽ ടിക്കറ്റിംഗ് സൊല്യൂഷനിൽ ലഭ്യമാണ്. ഇതിലൂടെ പണമിടപാടുകൾ സുഗമമാക്കുന്നതിനും ഡിജിറ്റൽ പണമിടപാടുകൾ പ്രോത്സാഹിപ്പിക്കുന്നതിനും സാധിക്കും. ബസുകളുടെ തൽസമയ വിവരങ്ങൾ ഉൾപ്പെടുത്തി ഒരു ആപ്ലിക്കേഷൻ ഇതിന്റെ ഭാഗമായി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. ആയത് നടപ്പിലാക്കുമ്പോൾ യാത്രക്കാർക്ക് മുൻകൂറായി യാത്രകൾ പ്ലാൻ ചെയ്യുവാൻ സാധിക്കും. ഡിജിറ്റൽ ടിക്കറ്റിങ് പ്രക്രിയ കാര്യക്ഷമമാക്കുകയും അത് പൂർണമായും ഡിജിറ്റൽ ആക്കുകയും ചെയ്യുന്നതിനും, വരുമാന ചോർച്ച തടയുകയും കെ.എസ്.ആർ.ടി.സി.യുടെ മൊത്തത്തിലുള്ള വരുമാനം വർദ്ധിപ്പിക്കുകയും ചെയ്യും. |
| (സി) | എങ്കിൽ നിലവിലെ ടിക്കറ്റ് മെഷീനുകളുടെ കരാർ കാലാവധി രണ്ടര വർഷം കൂടി അവശേഷിക്കുന്നതിനാൽ നിലവിലെ മെഷീനുകൾ നന്നാക്കി ഉപയോഗിക്കാൻ നടപടി സ്വീകരിക്കുമോ? | (സി) | നിലവിലുള്ള ടിക്കറ്റ് മെഷീനുകളുടെ വാറണ്ടി പിരീഡ് അവസാനിച്ചിട്ടുണ്ട്. പ്രസ്തുത മെഷീനുകൾ ഇപ്പോൾ AMC കരാറിലാണ്. AMC മുഖേന മെഷീനുകളുടെ കേടുപാടുകൾ പരിഹരിച്ച് ഉപയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ